# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2564** **12.03.2018 ൽ മറുപടിക്ക്**

**തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന തോട്ടുകര പാലം**

**ചോദ്യം**
**ശ്രീ.എം. രാജഗോപാലൻ**

**മറുപടി**
**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന തോട്ടുകര പാലം പണിയുടെ ടെണ്ടർ പൂർത്തീകരിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും പാലം പണി ആരംഭിക്കാൻ കഴിയാതെ വന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന-തോട്ടുകര പാലത്തിന്റെ ദർഘാസ് ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ആഫീസിൽ നിന്നും 22.02.2016 ന് ക്ഷണിച്ചിരുന്നു. ദർഘാസ് അംഗീകരിച്ച് കിട്ടുന്നതിനായുള്ള നടപടിക്രമങ്ങൾക്കിടയിൽ കരാറുകാരന്റെ Firm period കഴിഞ്ഞിരുന്നു. Firm period extend ചെയ്യുവാൻ കരാറുകാരൻ തയ്യാറാകാത്തതിനാൽ ദർഘാസ് റദ്ദായി. തുടർന്ന് 9/11/2017 ൽ ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ പുനർ ദർഘാസ് ചെയ്യുകയും, അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ ദർഘാസ് അംഗീകരിച്ച് നൽകുന്നതിനായി നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് കൈമാറിയെങ്കിലും G.O.(P) No.16/2017/Fin dated.06/02/2017 ഉത്തരവിൽ പറയുന്ന പ്രകാരം ചീഫ് എഞ്ചിനീയറുടെ ടെണ്ടർ കമ്മിറ്റിയിൽ വച്ച് , ടെണ്ടർ പാസാക്കുന്നതിനാവശ്യമായ എൽ.എം.ആർ നിരക്കിലെ പ്രൈസ് മുഖാന്തരമുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കാനുണ്ടായിരുന്നു. ആയത് നൽകുന്നതിനായി ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ ക്ക് നിർദ്ദേശം നൽകുകയും, 8.3.2018 ന് എസ്റ്റിമേറ്റ് |

ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധനകൾക്കു ശേഷം ചീഫ് എഞ്ചിനീയറുടെ ടെണ്ടർ കമ്മിറ്റിയിൽ വച്ച് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഇപ്പോൾ എന്തു തടസ്സമാണുള്ളതെന്നും ഏതു ഓഫീസിലാണ് ഫയൽ തടസ്സപ്പെട്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

S. Bindu

**സെക്ഷൻ ഓഫീസർ**